*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 37C

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

**നവംബർ 1, 2022**

# ഷിർദ്ദിയിൽനിന്ന് പർത്തിയിലേക്ക്

ഓം ശ്രീ സായിരാം.

പ്രശാന്തി സന്ദേശം, സായി വിവേകമുത്തുകളിലേക്ക് സ്വാഗതം!

ഈ പരമ്പര ഞങ്ങളുടെ എല്ലാ പങ്കാളികളും പിന്തുടരുന്നതിലും, അവർ ആകാംക്ഷയോടെ അടുത്ത ലക്കത്തിനായി കാത്തിരിക്കുന്നതിലും ഞങ്ങൾക്ക് ഏറെ സന്തോഷമുണ്ട്. സ്വാമിക്കും ഞങ്ങളുടെ എല്ലാ പങ്കാളികൾക്കും നന്ദി!




ഭഗവാൻ ബാബ അവിടുത്തെ അവതാരത്തിനു മുമ്പേ പല ചമത്കാരങ്ങളും കാട്ടുകയുണ്ടായിട്ടുണ്ട്, പിന്നീട് അവ ചമത്കാരങ്ങളുടെ ചമത്കാരങ്ങളായിത്തീർന്നു. പക്ഷേ, 1940 മെയ് 23-നാണ് അവിടുന്ന് ആദ്യമായി താൻ സായി ബാബയാണ് എന്ന് പ്രഖ്യാപിക്കുന്നത്. ഇത് തെളിയിക്കുന്നതിനായി, അവിടുന്ന് ഒരു പിടി പുതിയ മുല്ലപ്പൂക്കൾ ആവശ്യപ്പെട്ടു, അത് തറയിൽ വിതറി. അതിശയകരമായി, അവ തെലുങ്ക് അക്ഷരങ്ങളിൽ 'സായി ബാബ' എന്ന വാക്കുണ്ടാക്കി നിരന്നു.

ഈ സംഭവത്തിനും മുമ്പേ, ആയിരക്കണക്കിന് വർഷം മുമ്പേ, ഭൃഗു, വസിഷ്ഠൻ, ശുകൻ തുടങ്ങിയ മഹർഷിമാർ ഈ മൂന്ന് അവതാരങ്ങളായ ഷിർദ്ദി സായി, സത്യ സായി, പ്രേമ സായി ഇവരെക്കുറിച്ച് രേഖപ്പെടുത്തിവച്ചിട്ടുണ്ട്. ഇത് താലപത്രത്തിൽ അഥവാ ഈറച്ചുരുളുകളിലാണ് എഴുതപ്പെട്ടിരിക്കുന്നത്.

അവിടുത്തെ അവതാര പ്രഖ്യാപനത്തിനു ശേഷം, ഭഗവാൻ ശ്രീ സത്യ സായി ബാബ പൂർവാവതാരത്തിൽ അവിടുന്ന് ഷിർദ്ദി സായി ആയിരുന്നുവെന്ന് നിരവധി ലീലകളിലൂടെ നമുക്ക് കാട്ടിത്തന്നിട്ടുണ്ട്.



ഷിർദ്ദി അവതാരത്തിനൊപ്പം കുറച്ചു കാലം ചെലവിടാൻ ഭാഗ്യം സിദ്ധിച്ച ഒരു സ്ത്രീ ഭക്തയായിരുന്ന ശാരദാമ്മ,, അവരുടെ ജീവിതത്തിന്റെ ശിഷ്ടകാലം സത്യസായി അവതാരത്തിന്റെ ദിവ്യ സാന്നിധ്യത്തിൽ ചെലവിടുകയുണ്ടായി.

ശ്രീമതി ഹീരാബായി ബഡോധ്കർ-ശ്രീ പാണ്ഡുരംഗ ദീക്ഷിതിന്റെ അമ്മ-രണ്ട് അവതാരങ്ങളിൽനിന്നും അനുഗ്രഹം നേടിയിരുന്നു. രണ്ട് രൂപങ്ങളും തമ്മിൽ ഒത്തിരി സാമ്യങ്ങൾ ദർശിച്ചിരുന്നു അവർ-സംസാര രീതിയിൽ, മുഖഭാവങ്ങളിൽ, ദിവ്യാത്ഭുതങ്ങൾ കാട്ടുന്ന രീതിയിൽ ഒക്കെ.

ശരി, ധർമ്മക്ഷേത്രത്തിന്റെ സ്ഥാപനത്തിനും മുമ്പുള്ള ഒരു കഥയാണ് ഇത്. ഒരിക്കൽ ഒരു മുംബെ സന്ദർശന വേളയിൽ, സ്വാമി അന്ധേരിയിൽ ശ്രീ മോഡിയുടെ ബംഗ്ലാവിൽ താമസിക്കുകയായിരുന്നു. ഒരു ദിവസം കാലത്ത് അവിടുന്ന് ശ്രീ പാണ്ഡുരംഗ ദീക്ഷിതിനെയും പത്നിയെയും ഇന്റർവ്യൂവിനായി വിളിക്കുകയുണ്ടായി. ഇതുപ്രകാരം, ദമ്പതിമാർ അതിരാവിലെ അവിടെ എത്തിച്ചേർന്നു. എന്നാൽ, ഉച്ചതിരിഞ്ഞ് 3.00 മണി വരെ സ്വാമി അവരെ വിളിച്ചില്ല. 3.00 മണി വരെ! ഭാര്യയും ഭർത്താവും സ്റ്റെയർകെയ്സിനു താഴെ ആഹാരം പോലും കഴിക്കാതെ കാത്തിരുന്നു.



അവസാനം 3.00 മണിക്ക്, സ്വാമി സ്റ്റെയർകെയ്സിറങ്ങി വന്നു, അവരെ കണ്ടിട്ട് പറഞ്ഞു, “ഓ, ദീക്ഷിത്! നിങ്ങളുടെ ഉപവാസം എങ്ങനെയുണ്ടായിരുന്നു? ഇന്ന് വ്യാഴാഴ്ചയാണ്! അത് നല്ലതാണ്, ഉപവസിക്കുന്നത് നല്ലതാണ്! എന്തൊരു തപസ്സായിരുന്നു അത്! അകത്ത് വരൂ!” എന്നിട്ട് ഇന്റർവ്യൂ നൽകി, അവരോട് ഒരു മണിക്കൂർ നേരം സംസാരിച്ചു, അവസാനം സ്വാമി പെട്ടെന്ന് പറഞ്ഞു, “ഷിർദ്ദി സായിയെക്കുറിച്ച് നീ ചെയ്ത ഡോക്യുമെന്ററി എനിക്ക് കാണണം. പോയി അതെടുത്ത് വരൂ!”

ഈ സമയത്ത് ദീക്ഷിത് ഷിർദ്ദി സായിയെക്കുറിച്ച് ഒരു ഫിലിം നിർമ്മിക്കുന്നുണ്ടായിരുന്നു. ഇതാണ് നമ്മുടെ ഭഗവാൻ ബാബ കാണാനാഗ്രഹിച്ചത്. അങ്ങനെ, അവിടുന്ന് അതെടുത്തു കൊണ്ടുവന്ന് കാണിക്കാൻ അദ്ദേഹത്തോട് ആജ്ഞാപിക്കുകയുണ്ടായി.

സ്വാമിയുടെ നിർദ്ദേശപ്രകാരം, മി. ദീക്ഷിത് പെട്ടെന്നുതന്നെ ഫിലിം പ്രോസസ്സ് ചെയ്യുന്നതിനായി ഏൽപ്പിച്ച ഓഫീസിലേക്ക് ചെന്നു. വാസ്തവത്തിൽ, ഈ ഫിലിം പ്രോസസ്സ് ചെയ്യുന്നതിനായി ഏൽപ്പിച്ചിട്ട് രണ്ടു ദിവസമേ ആയിരുന്നുള്ളൂ, കുറഞ്ഞത് 8 മുതൽ 10 വരെ ദിവസമെടുക്കും അത് റെഡിയാവാൻ എന്ന് മി. ദീക്ഷിതിന് അറിയാമായിരുന്നു. പക്ഷേ സായിയിലുള്ള വിശ്വാസം കൊണ്ടും അവിടുത്തെ വാക്ക് അനുസരിച്ചും ശ്രീ ദീക്ഷിത് ആ ഓഫീസിലെത്തി. അദ്ദേഹം ആ പരിസരത്ത് പ്രവേശിച്ചപ്പോൾ, ഒരു പ്യൂൺ തന്റെ തോളത്ത് രണ്ട് വലിയ പെട്ടികളുമായി വരുന്നത് അദ്ദേഹം കണ്ടു. ഈ പെട്ടികളിൽ ഷിർദ്ദി സായിയെക്കുറിച്ചുള്ള ഡോക്യുമെന്ററിയുടെ റീലുകളായിരുന്നു. ഫിലിം പുതിയ ഏതോ രീതിയിൽ പ്രോസസ്സ് ചെയ്തതാണ്; അതിനാൽ അത് രണ്ട് ദിവസങ്ങൾകൊണ്ട് റെഡിയായിരുന്നു.




ശരി, ശ്രീ ദീക്ഷിത് ആ പെട്ടികളുമായി മോഡിയുടെ ബംഗ്ലാവിലേക്ക് തിരക്കിട്ട് ചെന്നു. തെരഞ്ഞെടുക്കപ്പെട്ട വളരെ കുറച്ച് ഭക്തരെ സ്വാമി ക്ഷണിച്ചിരുന്നു. ശ്രീ ദീക്ഷിത് സ്വാമിയെ ഹാരമണിയിച്ചു, അവിടുത്തെ അനുവാദത്തോടെ ഫിലിം തുടങ്ങി. ഓരോ സീനും സ്ക്രീനിൽ തെളിയുമ്പോൾ, സ്വാമി അത് വിശദമായി പറയും. കുതിരയായ ശ്യാം സുന്ദറിന്റെ പ്രതിമ കണ്ടിട്ട് സ്വാമി പറഞ്ഞു, “അവൻ അവന്റെ പൂർവജന്മത്തിൽ ശ്യാം എന്നു പേരുള്ള ഒരു പാചകക്കാരനായിരുന്നു. പിന്നീട് അവൻ കുതിരയായി ജനിച്ചതാണ്. അതുകൊണ്ട് ഞാൻ അവന് ശ്യാം സുന്ദർ എന്ന് പേരിട്ടു!”



ദ്വാരകാമായിയിലുള്ള സായിയുടെ ഛായാചിത്രത്തെപ്പറ്റി അവിടുന്ന് ഇപ്രകാരം പരാമർശിക്കുകയുണ്ടായി, “ഈ ഛായാചിത്രം വരയ്ക്കുന്നതിന് അവന് അനുവാദം

നൽകുന്നതിനായി കാക്കാ ജയകർ എന്നെ നിർബന്ധിച്ചുകൊണ്ടിരുന്നു. അതുകൊണ്ട് എനിക്ക് രണ്ട് ദിവസം മുഴുവൻ അവന്റെ മുമ്പിൽ ഇരിക്കേണ്ടിവന്നു!''

ഇത്തരത്തിൽ, സ്വാമി ഓരോ ദൃശ്യവും വിശദമായി വിവരിക്കുകയുണ്ടായി. ഡോക്യുമെന്ററി തീർന്നപ്പോൾ സ്വാമി പറഞ്ഞു, ''നിങ്ങൾക്കറിയാമോ ഞാനെന്തിനാണ് ഇന്ന് ഈ ഫിലിം കണ്ടതെന്ന്? ഈ ഫിലിം കണ്ട് ഞാൻ ഇന്ന് എന്റെ ജന്മദിനം ആഘോഷിക്കുകയായിരുന്നു!''




അവിടെ സന്നിഹിതരായിരുന്നവർ ഓരോരുത്തരും ഈ പരാമർശം കേട്ടിട്ട് അതിശയിച്ചു, എന്തുകൊണ്ടെന്നാൽ സ്വാമിയുടെ ബർത്ത് ഡേ നവംബർ 23 ആണല്ലോ, ഈ പ്രത്യേക ദിനമാവട്ടെ സെപ്തംബർ 28-ഉം. ഇതെങ്ങനെ സാധ്യമാവും? സ്വാമി ഉടനടി സംശയം ദുരീകരിക്കുകയുണ്ടായി. അവിടുന്ന് പറഞ്ഞു, ''എന്റേതല്ല, എന്റെ പൂർവശരീരത്തിന്റെ!''

ഈ രണ്ട് അവതാരങ്ങളും തമ്മിൽ എന്തുതന്നെയായാലും യാതൊരു വ്യത്യാസവും ഇല്ല എന്ന് ഈ സംഭവത്തിൽനിന്ന് വളരെ വ്യക്തമാണ്. ഇന്നേ വരെ, സ്വാമി ഒരു വട്ടം പോലും അവിടുത്തെ ഭൗതിക രൂപത്തിൽ ഷിർദ്ദി സന്ദർശിച്ചിട്ടില്ല, എന്നാൽ ആ ഡോക്യുമെന്ററി കണ്ടുകൊണ്ടിരിക്കുമ്പോൾ ഓരോ വിശദാംശവും അവിടുന്ന് വിശദമാക്കിയത് കേട്ടാൽ, ഈ രണ്ട് അവതാരങ്ങളുടെയും ഒരുമയെപ്പറ്റി എന്തെങ്കിലും സംശയമുണ്ടെങ്കിൽ അത് ഇല്ലാതാവും.



നിങ്ങൾക്കറിയാവുന്ന പോലെ, 'ശങ്കരൻ' എന്നാൽ, 'ശം' എന്നാൽ മംഗളകരമായതെല്ലാം, 'കര' എന്നാൽ ദാതാവ്, നിങ്ങൾക്ക് നൽകുന്നവൻ. ഈശ്വരൻ ആനന്ദവും ഐശ്വര്യവും നമുക്ക് പ്രദാനം ചെയ്യുന്നു. ഇതാണ് 'ശങ്കരൻ' എന്നതിന്റെ അർത്ഥം.

സായി ശങ്കരാവതാരമാകുന്നു. ബാല്യം മുതൽക്കേ, സത്യ നാരായണന്-നമ്മുടെ ബാബയ്ക്ക്-നെറ്റിയിൽ നീളത്തിൽ വിലങ്ങനെ വിഭൂതി വരയ്ക്കുന്ന ശീലമുണ്ടായിരുന്നു. ആ വിഭൂതിരേഖകൾക്ക് നടുവിലായി വലിയ ഒരു കുങ്കുമപ്പൊട്ട് ഇടാനായി അവിടുന്ന് മൂത്ത സഹോദരിയോട് ആവശ്യപ്പെടുമായിരുന്നു,

അഥവാ ആ വിഭൂതിയോ കുങ്കുമമോ എങ്ങാനും മാഞ്ഞുപോവുകയാണെങ്കിൽ, അത് വീണ്ടും ഇടുന്നതിന് ബാബ നിർബന്ധിക്കും. പക്ഷേ എല്ലാവരും അതിന്റെ പ്രസക്തി ഒത്തിരി നാൾ കഴിഞ്ഞാണ് മനസ്സിലാക്കിയത്. ആ വിഭൂതി ശിവന്റെ പ്രതീകമാണ്, കുങ്കുമം ശക്തിയുടെ പ്രതീകവും. അതുകൊണ്ട് ബാബ ശിവ-ശക്തിയാകുന്നു.




പിന്നീട് 1940ൽ, ഹംപിയിലെ വിരൂപാക്ഷ ക്ഷേത്രത്തിൽ വച്ച് ഭഗവാൻ ബാബ ശിവ ലിംഗത്തിന്റെ സ്ഥാനത്ത് അവിടുത്തെ രൂപം കാണിക്കുകയുണ്ടായി, അവിടുന്നും വിരൂ പാക്ഷനും ഒരാൾ തന്നെ എന്ന് ആദ്യമായി വെളിപ്പെടുത്തുകയുണ്ടായി.

പ്രശാന്തിമന്ദിരത്തിന്റെ ഫൗണ്ടേഷൻ ജോലികൾ ആരംഭിച്ചപ്പോൾ, ശിവലിംഗ ത്തിന്റെ അടിത്തറകൾ ധാരാളമായി ഭൂമിക്കടിയിൽ കാണപ്പെടുകയുണ്ടായി. ആരോ ബാബയോട് ചോദിച്ചു, ‘‘ഈ ശിവലിംഗങ്ങൾ എവിടെയാവും?’’

ബാബ പുഞ്ചിരിച്ചുകൊണ്ട് അവിടുത്തെ ഉദരത്തിലേക്ക് ചൂണ്ടി. അക്കാലത്ത് ആർക്കും തന്നെ അതിന്റെ പൊരുൾ പിടികിട്ടിയില്ല. പക്ഷേ, മഹാ ശിവരാത്രിക്ക് ലിംഗോത്ഭവം ആരംഭിച്ച പ്പോൾ, അത് സ്വാഭാവികമായാണ് ആരംഭിച്ചത്, ദുരൂഹത അതോടെ നീങ്ങി.



ശിവരാത്രി 1964 –ലിംഗോത്ഭവം

ശിവൻ വിഭൂതി ദായകനാണ്; ദിവ്യ പിതാവായ ശിവൻ അവിടുത്തെ ദേഹമാസകലം വിഭൂതി അണിയുന്നു, അതിനാൽ അവിടുന്ന് വിഭൂതിഭൂഷ ണൻ എന്നറിയപ്പെടുന്നു. ഷിർദ്ദി അവതാരകാല ത്ത്, സായി അവിടുത്തെ യോഗശക്തിയാൽ അഖ ണ്ഡധുനി, നിത്യാഗ്നി ജ്വലിപ്പിച്ചു. ഈ അഗ്നി യിൽനിന്ന് അവിടുന്ന് ഉദി പ്രസാദമായി വിതരണം ചെയ്യുന്ന പതിവുണ്ടായിരുന്നു. ഇന്ന് ഭഗവാൻ ശ്രീ സത്യ സായി ബാബ പവിത്രവും നിത്യവുമായ വിഭൂതി സൃഷ്ടിച്ച് അത് അവിടുത്തെ ഭക്തർക്ക് നൽകുന്നു.

ശരി, ഭഗവാൻ ശ്രീ സത്യ സായി ബാബയുടെ ശങ്കരരൂപത്തെക്കുറിച്ച് ഒരു കഥ കൂടി പറയാം. പുത്രരില്ലാത്ത ദു:ഖത്തിൽ മുഴുകി കഴിഞ്ഞ ഒരു ഭക്ത ദമ്പതിമാരുണ്ടായിരുന്നു. ആ സ്ത്രീ ധാരാളം വ്രതങ്ങളൊക്കെ നോക്കിയിരുന്നു, ദത്താത്രേയഗുരുവിന്റെ ആരാധന മൂലം അവിടുത്തെ കൃപയ്ക്ക് പാത്രീഭൂതരായിരുന്നു അവർ. അവരുടെ അഭിലാഷം മനസ്സിലാക്കിയിരുന്നവർ, അവർ ഏതെങ്കിലും സാക്ഷാത്കാരം സിദ്ധിച്ച ഗുരുവിന്റെ അനുഗ്രഹം വാങ്ങണമെന്നും അദ്ദേഹത്തെ ഗുരുവായി അംഗീകരിക്കണമെന്നും പറഞ്ഞു. എന്നാൽ ഒരു ഗുരുവിൽ ഈശ്വരന്റെ ദർശനം ലഭിക്കാത്തിടത്തോളം ആ ഗുരുവിനെ മാസ്റ്റർ ആയി അംഗീകരിക്കില്ലെന്ന് ആ സ്ത്രീ മനസ്സിൽ തീരുമാനിച്ചിരുന്നു.

ഒരിക്കൽ അവരുടെ ഭർത്താവിന് കലശലായ രോഗം ബാധിച്ച് ആസ്പത്രിയിലായി. ആ സമയത്ത്, ശ്രീ സത്യസായി സ്വപ്നത്തിൽ അവൾക്ക് ദർശനം നൽകിയിട്ട്, അവരെ ഇരുവരെയും പുട്ടപർത്തിക്ക് വിളിച്ചു. ദമ്പതികൾ അവിടെ എത്തിയപ്പോൾ, സ്വാമി അവരെ ഇന്റർവ്യൂവിന് ക്ഷണിച്ചു. ആദ്യത്തെ ഇന്റർവ്യൂ വേളയിൽത്തന്നെ, അവിടുന്ന് അവൾക്ക് തിരുജടയിൽ ചന്ദ്രക്കല ധരിച്ച, ഗംഗ അവിടുത്തെ ശിരസ്സിൽനിന്ന് ഒഴുകുന്ന, തിരുശരീരമാകെ വിഭൂതിയണിഞ്ഞ, ശങ്കരരൂപത്തിലുള്ള ദർശനം നൽകി. ഈ സായീശങ്കരൻ പിന്നീട് അവരുടെ ജീവിതം ആനന്ദം കൊണ്ട് നിറച്ചു, അതിൽ പിന്നീട് ദു:ഖമോ നിരാശയോ അവർക്ക് ഉണ്ടായിട്ടില്ല.




സായീശങ്കരദർശനത്തോടെ, നമ്മുടെ സകല പാപങ്ങളും കഴുകപ്പെടുന്നു, അകറ്റപ്പെടുന്നു, അവിടുത്തെ ചരണസ്പർശനത്താൽ ഭഗീരഥൻ കഠിന തപസ്സ് അനുഷ്ഠിച്ച് ഗംഗയെ സ്വർഗത്തുനിന്നും ഭൂമിയിൽ കൊണ്ടുവരികയുണ്ടായി. അതിന്റെ അതിശക്തമായ ഒഴുക്ക് ഭൂമിയെ പ്രളയത്തിൽ നശിപ്പിക്കുമെന്നായപ്പോൾ ഭഗവാൻ ശിവശങ്കരൻ അവളെ തിരുശിരസ്സിലേന്തി, പിന്നീട് അവൾ നമ്മെയെല്ലാം അനുഗ്രഹിക്കാനായി നിയന്ത്രിതമായ രീതിയിൽ പ്രവഹിക്കാൻ തുടങ്ങി. എല്ലാ ജനങ്ങളും ആഹ്ലാദിച്ചു. ഇന്ന്, സായീ ശങ്കരൻ ശ്രീ സത്യസായി കുടിവെള്ള പദ്ധതി ഭാരതമുടനീളം നടപ്പാക്കുന്നു, കൃപാഗംഗയാൽ സകല ജനങ്ങൾക്കും ആനന്ദമരുളുന്നു.



നോക്കൂ, വാസ്തവത്തിൽ ആ ലീലകൾ നിഗൂഢമാണ്, ദുർഗ്രഹമാണ്, മനസ്സിലാക്കാനാവാത്തത്! എങ്കിലും ആ ലീലകൾ സ്മരിക്കുന്നതും, ആ ലീലകളിലൂടെ സഞ്ചരിക്കുന്നതും, നമ്മുടെ സുഹൃത്തുക്കളുമായി പങ്കു വയ്ക്കുന്നതും സാധനയാണ്.

ഇനി, ഈ കഥ 60 വർഷം മുമ്പ് നടന്നതാണ്. ഒരു വിദ്യാസമ്പന്നനായ ചെറുപ്പക്കാരൻ മഹാരാഷ്ട്രയിലെ ബോംബെക്കടുത്ത്, വസായിയിൽ വന്നു. വിദ്യാഭ്യാസ രംഗത്ത് എന്തെങ്കിലുമൊരു ജോലി തരപ്പെടുത്താം എന്നു പ്രതീക്ഷിച്ചാണ് അയാൾ വന്നത്. അക്കാലത്ത് വസായി ഒരു ചെറിയ ഗ്രാമമായിരുന്നു. ഈ യുവാവ് ശ്രീ മഹദിയോ മഞ്ജേഷ് പിഞ്ജേ ആയിരുന്നു, ശ്രീ മഹദിയോ മഞ്ജേഷ് പിഞ്ജേ! അദ്ദേഹം ഒരു സ്കൂൾ അധ്യാപകനായി ജോലിക്കു കയറി. അക്കാലത്ത് ഒരു അധ്യാപകന്റെ ശമ്പളം വളരെ കുറവായിരുന്നു. അത്തരമൊരു സാഹചര്യത്തിൽ, ആ കുടുംബത്തിനാകെ, അദ്ദേഹത്തിനുൾപ്പടെ, മലേറിയയും പിടിപെട്ടു. അവരുടെ ആരോഗ്യം താറുമാറായി. അതുകൊണ്ട് അവർ വസായി വിട്ട് ദാദറിലേക്ക് നീങ്ങി. 2 മുറിയുള്ള ഒരു വാടകവീട് അവർക്ക് ഒരു വിധത്തിൽ കിട്ടി, പക്ഷേ അവരുടെ സാമ്പത്തിക സ്ഥിതി അസ്ഥിരമായി ത്തന്നെ തുടർന്നു.



മുൻ വാടകക്കാരൻ ചുവരിൽ രണ്ട് ഫോട്ടോകൾ ഉപേക്ഷിച്ചുപോയിരുന്നു-ഒന്ന് ഗുരുദേവ് ദത്താത്രേയന്റേത്, മറ്റേത് ഷിർദ്ദി സായിബാബയുടേത്. ശ്രീ പിഞ്ജേ രണ്ട് ചിത്രങ്ങളും മാലയണിയിച്ച് ആരാധിക്കാനാരംഭിച്ചു, അദ്ദേഹത്തിന് ഷിർദ്ദി സായിബാബയെക്കുറിച്ച് ഏറെയൊന്നും അറിയില്ലായിരുന്നു എങ്കിലും.

ഒരു ദിവസം അപ്രതീക്ഷിതമായി, ഒരു ഫക്കീർ അവരുടെ വാതിൽക്കൽ വന്ന്, അദ്ദേഹത്തോട് ഒന്നേ കാൽ രൂപാ ദക്ഷിണ ചോദിച്ചു. ആ സമയത്ത്, ശ്രീ പിഞ്ജേക്ക് ആ തുക നൽകാനാവുന്ന സ്ഥിതിയുണ്ടായിരുന്നില്ല. അതുകൊണ്ട് അദ്ദേഹം 2 അണ ഫക്കീറിന്റെ കൈവെള്ളയിൽ വച്ചുകൊടുത്തു. അക്കാലത്ത്, 2 അണ പോലും സാമാന്യം നല്ല ഒരു തുകയായിരുന്നു.

ഫക്കീർ ആ നാണയം വാങ്ങിയിട്ട് പിഞ്ജേയുടെ മൂർദ്ധാവിൽ സ്പർശിച്ചു, എന്നിട്ട് സ്വന്തം നെറുകയിലും. പിന്നീട് അവിടുത്തെ മുഷ്ടി നന്നായി ചുരുട്ടിയിട്ട് പിഞ്ജേയോട് കൈക്കുമ്പിൾ നീട്ടാൻ ആവശ്യപ്പെട്ടു. ഫക്കീറിന്റെ ചുരുട്ടിപ്പിടിച്ച മുഷ്ടിയിൽനിന്ന് ജലം

പ്രവഹിക്കാൻ തുടങ്ങി, അത് പിഞ്ജേയുടെ കൈയിലേക്ക് പകർന്നു. പിഞ്ജേയുടെ പത്നി വീടിനുള്ളിൽ നിന്നുകൊണ്ട് എല്ലാം കാണുന്നുണ്ടായിരുന്നു, ഫക്കീർ ആ വെള്ളം കുടിച്ചോളാൻ പിഞ്ജേയോട് ആവശ്യപ്പെട്ടപ്പോൾ, അവൾ പുറത്തു വന്ന് ചോദിച്ചു, "നിങ്ങൾ എന്താണ് ചെയ്യുന്നത്? ആ വെള്ളം കുടിക്കരുത്!" പക്ഷേ, അപ്പോഴേക്കും പിഞ്ജേ അത് ഇറക്കിക്കഴിഞ്ഞിരുന്നു.

ഉടനെ ആ ഫക്കീർ തീരെ പ്രതീക്ഷിക്കാത്ത ഒരു കാര്യം ചെയ്തു. അവിടുന്ന് തന്റെ കുടൽ പുറത്തെടുത്തു, അതെ, വായിലൂടെ, എന്നിട്ട് ആ ചൂടുള്ള കുടൽ പിഞ്ജേയുടെ കൈവെള്ളയിൽ വച്ചു. നൊടിയിടയിൽ അവിടുന്ന് അത് വായിലൂടെ സ്വന്തം ശരീരത്തിനകത്താക്കി. ഇതു കണ്ടിട്ട്, ശ്രീ പിഞ്ജേയും പത്നിയും ശരിക്കും ഭയന്നു പോയി.



ഷിർദ്ദി ബാബ സ്വന്തം കുടൽ മരക്കൊമ്പിൽ ഉണക്കാനിടുന്നു

ഷിർദ്ദി ബാബ സ്വന്തം കുടൽ പുറത്തെടുത്തിട്ട് അത് തിരികെ വയ്ക്കുക എന്നത് സങ്കൽപ്പിക്കാൻ പ്രയാസമുള്ള കാര്യമാണ്, നിസ്സാരമായ കാര്യമല്ല! കുറച്ചു നേരത്തിനകം അവർ സ്വബോധത്തിലേക്കെത്തുമ്പോളേക്കും ഫക്കീർ പോയിരുന്നു. ഫക്കീർ സ്ഥലം വിട്ടു, ഫക്കീറും ഷിർദ്ദി ബാബയുടെ ഫോട്ടോയും തമ്മിലുള്ള സാദൃശ്യം ശ്രീ പിഞ്ജേ ശ്രദ്ധിച്ചിരുന്നു, അവിടുന്ന് സായിനാഥ് തന്നെ എന്ന് അദ്ദേഹത്തിന് മനസ്സിലായി! അദ്ദേഹം അവിടുന്നിനെ തെരഞ്ഞു, പക്ഷേ അവിടെയെവിടെയും പൊടി പോലും കണ്ടില്ല. എന്നിരുന്നാലും, ഒരു കാര്യം സംഭവിച്ചു. ആ ദിവസം മുതൽക്ക്, അവരുടെ മലേറിയയ്ക്ക് ശമനമുണ്ടായി, അവരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടാൻ തുടങ്ങി. ശ്രീ പിഞ്ജേ ട്യൂട്ടോറിയൽ ക്ലാസ്സുകൾ തുടങ്ങി, ചുരുങ്ങിയ സമയം കൊണ്ട്, പിഞ്ജേ ട്യൂട്ടോറിയൽസ് മഹാരാഷ്ട്ര മുഴുവനും അറിയപ്പെട്ടു, അവ വളരെ അഭിവൃദ്ധിപ്പെട്ടു.

ശ്രീ സായിനാഥ് പറയാറുണ്ട്, "ഒരുവൻ തത്തയുടെ കാലിൽ ചരട് കെട്ടിയിട്ട് അവളെ യഥേഷ്ടം പറത്തിവിടുന്നതുപോലെ, ഞാൻ എനിക്കിഷ്ടപ്പെടുന്നവരെ തെരഞ്ഞെടുത്ത് അവരെ എന്റെയടുത്തേക്ക് കൊണ്ടുവരുന്നു!"

നോക്കൂ! ശ്രീ പിഞ്ജേ ഒരു മഹാത്മാവായിരുന്നു, അതുകൊണ്ട് സായിനാഥ് അദ്ദേഹത്തിന് ഷിർദ്ദിസായി രൂപത്തിൽ ദർശനം നൽകി അദ്ദേഹത്തെ അനുഗ്രഹിക്കുകയുണ്ടായി, അദ്ദേഹത്തിന്റെ ആരോഗ്യം മെച്ചപ്പെടുത്തി, അദ്ദേഹത്തെ പുരോഗമിക്കുന്നതിന് സഹായിച്ചു.

1964-ൽ, ശ്രീ സത്യസായിയും പിഞ്ജേയെ അനുഗ്രഹിക്കുകയുണ്ടായി. മുംബെയിലെ അവിടുത്തെ ആശ്രമത്തിന്റെ ഭൂമിപൂജ ചടങ്ങുകൾ ചെയ്യുന്നതിനുള്ള അവസരം അദ്ദേഹത്തിന് നൽകപ്പെട്ടു. പിഞ്ജേയുടെ ക്ലാസ്സുകളുടെ സിൽവർ ജൂബിലി ആഘോഷങ്ങളെയും സ്വാമി അവിടുത്തെ ദിവ്യ സാന്നിധ്യം കൊണ്ട് ആശീർവദിക്കുകയുണ്ടായി, അവിടുത്തെ ഈ മഹാഭക്തനു മേൽ, അദ്ദേഹത്തിന്റെ ഉദ്യമങ്ങൾക്കു മേൽ, അവിടുത്തെ പ്രേമം ചൊരിഞ്ഞു.

ഭഗവാൻ നമ്മെ ഏവരെയും അനുഗ്രഹിക്കട്ടെ!

സായിരാം! നമുക്ക് പിന്നീട് കാണാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)